## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1548** | **06.03.2020 -ൽ മറുപടിയ്ക്ക്**

## മദ്രസ്സാ ഗ്രാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.ഉമ്മർ** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റശേഷം മദ്രസ്സാ ഗ്രാന്റ് ഇനത്തിൽ ഓരോ വർഷവും സംസ്ഥാന സർക്കാർ വകയിരുത്തിയ തുകയും കേന്ദ്രസർക്കാർ ലഭ്യമാക്കിയ തുകയും എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മദ്രസ്സ ഗ്രാന്റിനത്തിൽ(SPQM) ഓരോ വർഷവും ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകയിരുത്താറുണ്ട്. എന്നാൽ പ്രസ്തുത ഗ്രാന്റിനത്തിൽ 2013-14 ന് ശേഷം കേന്ദ്ര സർക്കാർ ഫണ്ട് ഒന്നും തന്നെ അനുവദിച്ചിട്ടില്ല. |
| ബി) | ഇവയിൽ ഓരോ വർഷവും എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) | ടോക്കൺ പ്രൊവിഷനായി വച്ചിട്ടുള്ള തുക ഒന്നും തന്നെ ചിലവഴിച്ചിട്ടില്ല. |
| സി) | ഫണ്ട് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളിൽ വീഴ്ച വരുത്തിയത് കാരണം ഗ്രാൻറ് നഷ്ടപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | സി) | പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.പി.ക്യൂ.എം.(മദ്രസ വിദ്യാഭ്യാസം ആധുനികവത്ക്കരണം) വഴി 2010-11, 2013-14 വർഷങ്ങളിലാണ് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചത്. വ്യവസ്ഥകളിൽ വീഴ്ച വരുത്തിയത് കാരണം ഗ്രാന്റ് നഷ്ടപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ